"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - പത്തനംതിട്ട ചെങ്ങരൂർ സെന്റ് തെരേസാസാസ് ബഥനി കോൺവെന്റ് എച്ച്.എസ്.എസ്. ലെ എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികകളിലെ ഒഴിവിലേക്ക് നിയമനം നടത്തുന്നതിനായിട്ടുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി ലത എസ്. നെ നോമിനേറ്റ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4698/2025/GEDN തീയതി,തിരുവനന്തപുരം, 16-07-2025

പരാമർശം:-

1. ജി.ഒ.(എം.എസ്) നം.123/2014/പൊവിവ തീയതി 04/07/2014.
2. ജി.ഒ.(എം.എസ്) നം.35/2016/പൊവിവ തീയതി 03/02/2016.
3. ജി.ഒ.(എം.എസ്) നം.106/2017/പൊവിവ തീയതി 21/08/2017.
4. ജി.ഒ.(എം.എസ്) നം.29/2023/പൊവിവ തീയതി 24/03/2023.
5. ജി.ഒ.(ആർ.റ്റി) നം.4048/2025/പൊവിവ തീയതി20/06/2025.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കന്ററി വിഭാഗം) 18/06/2025-ലെ HSE/6683/2025-Acd C1 നമ്പർ കത്ത്.
7. ബഥനി സിസ്റ്റേഴ്സ് എഡ്യൂക്കേഷണൽ ട്രസ്റ്റ് മാനേജരുടെ 20.06.2025 ലെ 106/2025 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ചെങ്ങരൂർ സെന്റ് തെരേസാസാസ് ബഥനി കോൺവെന്റ് എച്ച്.എസ്.എസ്. ലെ എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികകളിലെ താഴെ പറയുന്ന ഒഴിവിലേക്ക് ഭിന്നശേഷി വിഭാഗത്തിൽ നിന്നും തസ്തിക മാറ്റം മുഖേനെയും നേരിട്ടും നിയമനം നടത്തുന്നതിനായിട്ടുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവണ്മെന്റ് സെക്രട്ടേറിയേറ്റിലെ സയൻസ് ആൻഡ് ടെക്നോളജി വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീമതി.ബിന്ദു സി വർഗ്ഗീസിനെ നോമിനേറ്റ് ചെയ്യുന്നതിനായി മാനേജർ സമർപ്പിച്ച പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിദ്യാഭ്യാസം) പരാമർശം (6) പ്രകാരം ലഭ്യമാക്കിയിരുന്നു.

| ക്രമ | തസ്തിക | ഒഴിവിന്റെ സ്വഭാവം | നിയമന രീതി |
|---|---|---|---|

| നമ്പർ | | | |
|---|---|---|---|
| 1 | എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഫിസിക്സ് | തസ്തിക മാറ്റ നിയമനം മൂലം | ഭിന്നശേഷി നിയമനം |
| 2 | എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഗണിതം | തസ്തിക മാറ്റ നിയമനം മൂലം | തസ്തിക മാറ്റ നിയമനം |
| 3 | എച്ച്.എസ്.എസ്.റ്റി. ജൂനിയർ സുവോളജി | തസ്തിക മാറ്റ നിയമനം മൂലം | തസ്തിക മാറ്റ നിയമനം |
| 4 | എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഇംഗ്ലീഷ് | തസ്തിക മാറ്റ നിയമനം മൂലം | നേരിട്ടുള്ള നിയമനം |

എന്നാൽ 2024-2025 അധ്യായന വർഷത്തിൽ ശ്രീമതി ബിന്ദു സി. വർഗീസിനെ ഗവൺമെന്റ് നോമിനിയായി അനുവദിച്ച് ഉത്തരവ് ലഭിക്കാത്തതിനാൽ ഇന്റർവ്യൂ നടത്തുവാൻ സാഹചര്യം ലഭിച്ചില്ല എന്നും 2025-2026 അധ്യായന വർഷത്തിൽ ശ്രീമതി ബിന്ദു സി. വർഗീസ് മറ്റ് അഞ്ച് സ്കൂളുകൾക്ക് ഇന്റർവ്യൂ നടത്തുവാനായി സമ്മതപത്രം നൽകി കഴിഞ്ഞു എന്ന് അറിയിച്ചു എന്നും ആയതിനാൽ ടി നിയമനം നടത്തുന്നതിനായിട്ടുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി ലത എസ്. നെ അനുവദിച്ച് നൽകണമെന്ന് ബഥനി സിസ്റ്റേഴ്സ് എഡ്യൂക്കേഷണൽ ട്രസ്റ്റ് മാനേജർ പരാമർശം (7) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ പ്രതിനിധിയായി നിയമിക്കുന്നതിനായുള്ള ശ്രീമതി ലത എസ്. ന്റെ സമ്മതപത്രം, 2025-26 അക്കാദമിക് വർഷം 5 ൽ അധികം സെലക്ഷൻ കമ്മിറ്റികളിൽ പങ്കെടുത്തിട്ടില്ല എന്നുള്ള ടിയാരിയുടെ ഡിക്ലറേഷൻ എന്നിവയും പ്രൊപ്പോസലിനൊപ്പം സമർപ്പിച്ചിട്ടുണ്ട്. പരാമർശം (5) പ്രകാരം അംഗീകരിച്ച 2025-26 ലെ അംഗീകൃത പാനലിൽ ശ്രീമതി ലത എസ്. ന്റെ പേര് സീരിയൽ നമ്പർ 43 ആയി ഉൾപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടിയാൾക്ക് അനുവദനീയമായ TA/DA എന്നിവ മാനേജർ നൽകേണ്ടതാണെന്നും സർക്കാർ അനുവദിച്ച തസ്തികകളിലേക്കുള്ള ടി സെലക്ഷൻ നടപടികൾ കെ.ഇ.ആർ ചട്ടം 32 പ്രകാരമാണ് നടത്തുന്നതെന്ന് ഗവൺമെന്റ് പ്രതിനിധി ഉറപ്പാക്കേണ്ടതും അത് സംബന്ധിച്ച വിശദമായ റിപ്പോർട്ടും ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന വ്യക്തികളുടെ വിശദാംശങ്ങളുടെ പകർപ്പ സഹിതം ഇന്റർവ്യൂ നടന്ന് 15 ദിവസത്തിനകം സർക്കാരിൽ ലഭ്യമാക്കേണ്ടതാണെന്നും ഭിന്നശേഷി സംവരണത്തിനായി നീക്കിവച്ചിട്ടുള്ള തസ്തികയിലെ ഒഴിവിലേക്ക് എംപ്ലോയ്മെന്റിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നും നിയമനം നടത്തേണ്ടതാണെന്നും ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ/കോടതി വിധിന്യായങ്ങൾ/പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ സെലക്ഷൻ നടത്തുന്നതിന് സെലക്ഷൻ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥകളിന്മേലും 2025-26 വർഷത്തെ തസ്തിക നിർണ്ണയം പ്രകാരം ടി തസ്തിക നിലനിൽക്കുന്നുണ്ടെങ്കിൽ പത്തനംതിട്ട ചെങ്ങരൂർ സെന്റ് തെരേസാസാസ് ബഥനി കോൺവെന്റ് എച്ച്.എസ്.എസ്. ലെ മുകളിൽ പറഞ്ഞ ഒഴിവിലേക്ക് നിയമനം നടത്തുന്നതിനായിട്ടുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി ലത എസ്. നെ കെ.ഇ.ആർ അദ്ധ്യായം 32 ചട്ടം 5 നോട്ട് പ്രകാരം നോമിനേറ്റ് ചെയ്ത് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീമതി ലത എസ്., ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
മാനേജർ, ബഥനി സിസ്റ്റേഴ്സ് എഡ്യൂക്കേഷണൽ ട്രസ്റ്റ്, തിരുമൂലപുരം പി.ഒ., തിരുവല്ല-689 115.
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം.
മേഖലാ ഉപമേധാവി (ഹയർ സെക്കന്ററി വിദ്യാഭ്യാസം), ചെങ്ങന്നൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/93/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Sindhu.s
Date: 17-07-2025 12:35:44
സെക്ഷൻ ഓഫീസർ